# അക്കാദമിക മാസ്റ്റർ പ്ലാൻ



## തളിപ്പറമ്പ യു പി സ്കൂൾ 2025-26

# ഉള്ളടക്കം


| | |
|---|---|
| ചരിത്രം | 1 |
| ആമുഖം | 2. |
| പൊതു ലക്ഷ്യങ്ങൾ | 3 |
| ഒന്നാം ക്ലാസ് | 4-10 |
| രണ്ടാം ക്ലാസ് | 11-13 |
| മൂന്നാം ക്ലാസ് | 13-16 |
| നാലാം ക്ലാസ് | 17 |
| യുപി ഹിന്ദി | 18 |
| യുപി സംസ്കൃതം | 19 |
| യുപി ഉറുദു | 20-22 |
| യുപി അടിസ്ഥാനശാസ്ത്രം | 23 |
| യുപി സാമൂഹ്യശാസ്ത്രം | 24-25 |
| യുപി ഇംഗ്ലീഷ് | 26-31 |
| യുപി ഗണിതം | 32. |
| യു. പി. മലയാളം | 33 |



TALIPARAMBA U.P. SCHOOL
Date
TALIPARAMBA-670141



DHANALAKSHMI. A
HEADMISTRESS
TALIPARAMBA U.P. SCHOOL
TALIPARAMBA

# ചരിത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ 1908 ൽ കുടിപ്പള്ളിക്കൂടം എന്ന നിലയിൽ ആരംഭിച്ച സ്ഥാപനമാണ് തളിപ്പറമ്പ യു.പി സ്കൂൾ. 1928ൽ പുതിയേടത്ത് കിഴക്കേക്കര വീട്ടുകാരായ ശ്രീ. ഗോവിന്ദൻ നമ്പ്യാർ, ചാത്തുക്കുട്ടി നമ്പ്യാർ തുടങ്ങിയവർ സ്കൂളിന്റെ സാരഥ്യം ഏറ്റെടുത്തു. തുടക്കത്തിൽ തൃച്ചംബരം എലിമെന്ററി സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. 1958 ൽ ഇത് യു.പി സ്കൂളായി ഉയർത്തപ്പെട്ടു. ശ്രീ. പത്മനാഭൻ നമ്പ്യാർ ദീർഘകാലം മാനേജരും ഹെഡ്മാസ്റ്ററുമായി സ്കൂളിനെ നയിച്ചു. 1987 മുതൽ ടി.പി മോഹൻദാസ്, 2000 മുതൽ ശ്രീമതി. പി വി പത്മിനി എന്നിവർ മാനേജർമാരായി. ശ്രീ ഗോവിന്ദൻ മാസ്റ്റർ സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ആയിരുന്നു.

# ആമുഖം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ അറിവിന്റെ കെടാവിളക്കായി തലയുയർത്തി നിലകൊള്ളുന്ന വിദ്യാലയമാണ് തളിപ്പറമ്പ യു.പി.സ്കൂൾ. ഓട്, വാർപ്പ് കെട്ടിടങ്ങളിലാണ് വിദ്യാലയം നിലകൊള്ളുന്നത്. പ്രീപ്രൈമറി 1 മുതൽ 5 വരെ ഓരോ ഡിവിഷനുകളും 6,7 ക്ലാസുകൾ രണ്ട് ഡിവിഷനുകളുമാണ് ഉള്ളത്. ഹെഡ്മിസ്ട്രസ്സും ഓഫീസ് അസിസ്റ്റന്റും 11 അധ്യാപകരും ഉള്ള ഈ സ്കൂളിൽ 196 എണ്ണം കുട്ടികൾ ഈ വർഷം പഠനം നടത്തുന്നു.

| ക്ലാസ് | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| ആൺ | 5 | 7 | 11 | 10 | 14 | 24 | 25 |
| പെൺ | 7 | 5 | 5 | 11 | 13 | 19 | 26 |
| ആകെ | 12 | 12 | 16 | 21 | 27 | 43 | 51 |

നേട്ടങ്ങൾ.

പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്താൻ വിദ്യാലയത്തിന് സാധിക്കുന്നു. കലോത്സവങ്ങളിലും ശാസ്ത്ര-ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകളിലും സബ്ജില്ലയിൽ മത്സരിച്ച് ജില്ല വരെ എത്താൻ സാധിച്ചിട്ടുണ്ട്. കായികാധ്യാപകൻ ഇല്ലാതിരുന്നിട്ടും കായികമത്സരങ്ങളിൽ ജില്ലയിലേക്ക് എത്താൻ സാധിച്ചിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ എന്നിവയിൽ കോച്ചിംഗ് നൽകാറുണ്ട്. സ്കൂളിനു സമീപം തന്നെ മറ്റു വ്യക്തികളുടെ സ്ഥലം ഏറ്റെടുത്ത് പച്ചക്കറി നടത്താൻ തീരുമാനമായിട്ടുണ്ട്. എൽ. എസ്. എസ്, യു. എസ്. എസ് കോച്ചിംഗ് വർഷാരംഭം തന്നെ നടത്തുന്നത് സ്കോളർഷിപ്പിൽ മികച്ച വിജയം നേടാൻ സഹായിച്ചിട്ടുണ്ട്. ഉറുദു, സംസ്കൃതം സ്കോളർഷിപ്പുകൾ പങ്കെടുപ്പിച്ച മുഴുവൻ കുട്ടികൾക്കും ലഭിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.

# പൊതു ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടെന്ന് ഉറപ്പ് വരുത്തുക.

* പാരിസ്ഥിതിക അവബോധവും മൂല്യബോധവും ശാസ്ത്രബോധവും സ്വാശ്രയ ചരിത്രബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ളവരാകാൻ പ്രാപ്തരാക്കുക.

* രക്ഷിതാക്കളും സ്കൂളുമായുള്ള ബന്ധം ദൃഢപ്പെടുത്തുക

# ഒന്നാം ക്ലാസ്സ്

## അക്കാദമിക
## മാസ്റ്റർ പ്ലാൻ

ജൂൺ

പ്രവർത്തനങ്ങൾ

* സചിത്രനോട്ട്ബുക്ക്, അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണം
* താളാത്മകമായി പാട്ടുകവിത ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ ഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊടാനും എടുത്തുനോക്കാനും അവസരം
* ചെറിയ കഥകൾ കേൾക്കാൻ അവസരം
* അക്ഷരപ്പാട്ടുകളിലൂടെ ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ പഠിപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
* ഭാഷാവികാസത്തിന് അവസരം ഒരുക്കുന്നു
* സംയുക്തഡയറി എഴുത്ത് തുടങ്ങുന്നു
* പാഠപുസ്തകത്തിലെ എഴുത്ത് ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.
* ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കാനുള്ള അവസരം
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

* ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്രരചയിതാക്കൾ ആവുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം തുടങ്ങുന്നു
* പത്രവായനയ്ക്ക് അവസരം
* താളാത്മകമായി കവിത ചൊല്ലൽ
* ചെറുകഥകൾ പങ്കിട്ട് വായിക്കുന്നു
* ക്ലാസ്പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കൽ.
* രചനശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
* ലഘു കവിതകൾ, കഥകൾ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോവാതെ പറയാനും എഴുതാനും സാധിക്കുന്നു.
* സംയുക്തഡയറി കുട്ടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* ലഘുരചനാശിൽപ്പശാലകൾ നടത്തുന്നു.
* വായനാ കേളികളിലൂടെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികളുടെ കഥകൾ, കവിതകൾ, എന്നിവയുടെ പ്രകാശനം
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൂട്ടത്തെപ്പുത്ത് പഠനക്കം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

* ഭാഷാ പ്രവർത്തനങ്ങൾ ജനപ്രതിനിധികളോടൊപ്പം കൂടി നടത്തുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആശയപൂർണതയുള്ള തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

# മാർച്ച്

## പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തക രൂപത്തിൽ ആക്കി പ്രകാശനം നടത്തുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ചങ്ങല വായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

## വിലയിരുത്തൽ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്തഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

അക്കാദമിക മാസ്റ്റർ പ്ലാൻ Class - 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| * ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | * ചിത്രക്കാർഡുകൾ നൽകൽ<br>* ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ<br>* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ഒരുക്കൽ. | ജൂൺ | |
| * എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക. | * ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു<br>* ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | ജൂലൈ. ആഗസ്റ്റ് | |
| * ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകൂടാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | * വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ<br>* കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>* കഥയെ ചിത്രീകരിക്കൽ<br>〃 | | |

| | | |
|---|---|---|
| | * കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.<br>* വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന നിർദേശങ്ങൾ നൽകുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ |
| * വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.<br>* ചിന്തയെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു. | * കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. | നവംബർ |
| | * എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു. | ഡിസംബർ |
| | * ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | |

| | | | |
|---|---|---|---|
| * ആശയം ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും , ചൊല്ലുകയും ചെയ്യുന്നു. | * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ<br>* കുട്ടികളിൽ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഉള്ള അവസരം ഒരുക്കൽ.<br>* സദസ്സിൽ കുട്ടികളുടെ സൃഷ്ടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ. | | |

# Academic Master plan

മേഖല - അക്കാദമികം
ഉപമേഖല - ഗണിതം
ക്ലാസ് - III, IV

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | സംഖ്യകൾ ഉറപ്പിക്കുക | • സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. • സംഖ്യ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ | ക്ലാസ് ടീച്ചർ |
| 2. | കൂട്ടങ്ങളാക്കാം | • ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതാം. കളിനോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം • അബാക്കസിൽ ക്രമീകരിക്കാം | ജൂൺ | ക്ലാസ് ടീച്ചർ |
| 3. | ചതുഷ്ക്രിയകൾ ഉറപ്പിക്കാം. | • വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. | ജൂലൈ - ഫെബ്രുവരി | |

| | | | | |
|---|---|---|---|---|
| | | • കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം | | |
| 4. | ജ്യാമിതിയ സൗന്ദര്യം തിരിച്ചറിയാം | • ഒറിഗാമി ശില്പശാല രസകര-മായി ഗണിതപഠനവും നിർ-മ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻ [illegible] രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA |
| 5 | ഗണിതം ലളിതമാക്കാം കളികളിലൂടെ | • ഗണിതോത്സവം | ജനുവരി – മാർച്ച് | SRG<br>ക്ലാസ് ടീച്ചർ |

Class - 3,4

# Academic Master plan
## English

| | | | |
|---|---|---|---|
| വായന - വാക്കുകൾ. | Reading card -<br>Reading card ഉപയോഗിച്ച് അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വായിക്കാൻ പഠിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപിക |
| വാക്യങ്ങൾ - രചന | ചെറിയ വാക്യങ്ങളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു.<br>Reading card<br>കുട്ടികളെ വായനാ card ലൂടെ നന്നായി വായിക്കാൻ പരിശീലിപ്പിക്കുന്നു. | ജൂലൈ<br>ആഗസ്റ്റ്. | ഇംഗ്ലീഷ് അധ്യാപിക. |
| | വായനാ മത്സരം സംഘടിപ്പിക്കൽ<br>Role play<br>കഥ അവതരിപ്പിക്കൽ.<br>Let's talk<br>ബാലസഭ - ഇംഗ്ലീഷ് | സെപ്റ്റംബർ - മാർച്ച്<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി - മാർച്ച് | |

# Academic Master Plan

## പരിസര പഠനം - std 3, IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ഫലപ്രദവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | അധ്യാപകർ |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ചാർട്ട്, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇന്ത്യ-ഭൂപട വായന-പരിചയപ്പെടൽ | ഭൂപടവായന ഭൂപട രചന | ജൂലൈ മാസത്തിൽ | ക്ലാസ് ടീച്ചർ | അധ്യാപകർ |
| വിവിധതരം പക്ഷികളെ തിരിച്ചറിയൽ | നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, ചാർട്ട് തയ്യാറാക്കൽ | ജൂലൈ മാസത്തിൽ | ക്ലാസ് ടീച്ചർ | അധ്യാപകർ |
| കേരളത്തിലെ കലാരൂപങ്ങളെ കുറിച്ചുള്ള അറിവുനേടൽ | കലാരൂപങ്ങളുടെ ചിത്ര പ്രദർശനവും വിവരണവും - ക്ലാസിൽ | ഓഗസ്റ്റ് മാസത്തിൽ | ക്ലാസ് ടീച്ചർ | അധ്യാപകർ. |

മാസ്റ്റർ പ്ലാൻ

മേഖല യു.പി. ഹിന്ദി

| ലക്ഷ്യം - | പ്രവർത്തനങ്ങൾ |
|---|---|
| 1. 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ<br>ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക | ചെറിയ പദങ്ങൾ വാക്യങ്ങൾ അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങ അക്ഷരമാല ചാർട്ട് എന്നിവ |
| 2. ഹിന്ദി വായന - തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും |
| 3. ഹിന്ദി സംസാരം : ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ശേഷി പരിചയപ്പെടുത്തും | ക്ലാസുകളിൽ ഹിന്ദി ഉപയോഗിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന ദിനം കൊണ്ടുവരും |

അക്കാദമിക് മാസ്റ്റർ പ്ലാൻ : സംസ്കൃതം. തളിപ്പറമ്പ - യു.പി. സ്കൂൾ

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം. |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ. | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | 2 മാസം. | - വായനാ കാർഡ്<br>- വർക്ക് ഷീറ്റുകൾ | അധ്യാപിക. |
| 2. | അക്ഷരങ്ങളും പദങ്ങളും അർത്ഥങ്ങളും ഉറപ്പിക്കുക. | പദപ്പയറ്റ്. | 1 മാസം. | പാഠപുസ്തകം. | |
| 3. | എല്ലാ കുട്ടികളും അർത്ഥബോധത്തോടെ വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക. | വായനാകേളി | ജൂൺ - മാർച്ച്. | വായനാസാമഗ്രികൾ. | |
| 4. | സർഗ്ഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക. | കഥ - കവിത - ഉപന്യാസ രചനാ മത്സരങ്ങൾ.<br>പതിപ്പ് നിർമ്മാണം. | 3 മാസം | | |

# ആമുഖം

കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എഴുത്ത്, വായന, സർഗാത്മകത തുടങ്ങിയവയിൽ ശേഷി നേടുന്നതിനും അക്കാദമിക പരമായ നേട്ടങ്ങൾ കൈവരിക്കുന്നതിലെ അപാകതകൾ പരിഹരിച്ച് കുട്ടികൾക്ക് മാനസികവും ശാരീരികവും ആയ ഉല്ലാസത്തോടുകൂടി അക്കാദമിക നേട്ടങ്ങൾ കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ലക്ഷ്യം വെച്ചാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്.

ഒരു വർഷം ജൂൺ മാസം മുതൽ അടുത്തവർഷം മാർച്ച് മാസം വരെയുള്ള കാലയളവിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 5, 6, 7 ക്ലാസുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്.

അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

ഉർദു

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | നിർവഹണ ചുമതല | സ്ഥാപനം | കാലയളവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ഉർദു വായന | ഉർദുവിൽ ഭാഷാശേഷി കൈവരിക്കുന്നതിനായി വിവിധ സാമഗ്രികളുടെയും ഭാഷാ കേളികളുടെയും സഹായത്തോടെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നു. | ഉർദു പദ കാർഡുകൾ<br>വായനാ കാർഡ്<br>ചാർട്ടുകൾ<br>ചിത്ര കാർഡുകൾ<br>ചിത്ര വായന<br>ബാല കവിതകൾ<br>വയനാ മത്സരം<br>അക്ഷര കാർഡ് | ഉർദു അധ്യാപിക | ഉർദു ക്ലബ് | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | ചെക്ക് ലിസ്റ്റ്. ഫോം |
| 2 | ഉർദു എഴുത്ത് | വാക്യങ്ങളിലൂടെ പദങ്ങളിലേക്കും പദങ്ങളിലൂടെ അക്ഷരങ്ങളിലേക്കും അക്ഷരങ്ങളുടെ ഘടന മനസ്സിലാക്കി എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. പരിശീലനത്തിനായി കോപ്പി ബുക്കിൽ പാഠഭാഗം എഴുതുന്നു. | കോപ്പി ബുക്ക്<br>അക്ഷര കാർഡ്<br>പദകാർഡ്<br>വർക്ക് ഷീറ്റ് | ഉർദു അധ്യാപിക | ഉർദു ക്ലബ് | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | ചെക്ക് ലിസ്റ്റ്. ഫോം |

| ക്രമ നമ്പർ | മേഖല/ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | നിർവഹണ ചുമതല | സാമ്പത്തികം | കാലയളവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| | | പ്രവർത്തനം :- മാഗസിൻ നിർമ്മാണം പദകേളി ഐസിടി ഉപയോഗം കൈപ്പുസ്തകം വായന | | | | | |
| 3 | ഉർദു ക്യാമ്പ് | കുട്ടികളിലെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. | അതിഥി മാരുടെ സേവനം ICT ഉപയോഗം പ്രോജക്ടറുകൾ | ഉർദു അധ്യാപിക | ഉർദു ക്ലബ്ബ് | ഓരോ ടേമിലും ഓരോ ക്യാമ്പ് | മെച്ചം |
| | | | | | | | |